GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 08/08/2026

1) . മിത്രനികേതന്റെ എഴുപതാം വാർഷികത്തോടനുബന്ധിച്ച് 2026 ഓഗസ്റ്റ് 18 മുതൽ 20 വരെ വെള്ളനാട് മിത്രനികേതൻ കാമ്പസിൽ **"മിത്ര അഗ്രിഫെസ്റ്റ് 2026"** എന്ന പേരിൽ മൂന്ന് ദിവസത്തെ കാർഷിക പ്രദർശന – വിപണന മേള സംഘടിപ്പിക്കുന്നു. 2026 ഓഗസ്റ്റ് 18 ന് വൈകുന്നേരം 3.00 മണിക്ക് വെള്ളനാട് മിത്രനികേതൻ കൃമ്പസിൽ വെച്ച് കൃഷി വകുപ്പ് മന്ത്രി അഡ്വ: ടി.സിദ്ദിഖ് ഉദ്ഘാടനം നിർവ്വഹിക്കും. സാങ്കേതിക വിദ്യയും സംരംഭകത്വവും സംയോജിപ്പിച്ച് കാർഷിക മേഖലയിലെ പുതിയ അവസരങ്ങൾ യുവജനങ്ങൾക്കും കർഷകർക്കും പരിചയപ്പെടുത്തുകയും, കൃഷിയെ മികച്ച തൊഴിലായി പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് ഈ മേളയുടെ പ്രധാന ലക്ഷ്യം. കൃഷി, മൃഗസംരക്ഷണം,

കാർഷിക സംരംഭകത്വം, നൂതന കാർഷിക സാങ്കേതികവിദ്യകൾ എന്നിവയിലെ ഏറ്റവും പുതിയ മാതൃകകളും സാധ്യതകളും പൊതു ജനങ്ങൾക്ക് പരിചയപ്പെടുത്തുന്ന വേദിയായിരിക്കും ഈ അഗ്രിഫെസ്റ്റ്. കൂടുതൽ വിവരങ്ങൾക്ക് 8281114470 / 9446701529 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.

2) സംസ്ഥാനത്ത് തുടരുന്ന മഴയും പ്രതികൂല കാലാവസ്ഥയെയും തുടർന്നുണ്ടാകുന്ന കാർഷിക വിളനാശങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനും ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി കൃഷി വകുപ്പ് എല്ലാ ജില്ലകളിലും കൺട്രോൾ റൂമുകൾ തുറന്നു. മഴക്കെടുതി മൂലമുണ്ടാകുന്ന കൃഷിനാശം സംബന്ധിച്ച വിവരങ്ങൾ കർഷകർക്ക് അതാത് ജില്ലകളിലെ കൺട്രോൾ റൂമുകളിൽ അറിയിക്കാവുന്നതാണ്. പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട അടിയന്തര സഹായങ്ങൾ ഏകോപിപ്പിക്കുന്നതിനും ആവശ്യമായ സാങ്കേതിക നിർദേശങ്ങൾ നൽകുന്നതിനും കൺട്രോൾ റൂമുകൾ പ്രവർത്തിക്കും. കൃഷിനാശത്തിന് ധനസഹായം ലഭിക്കുന്നതിനായി കർഷകർക്ക് കൃഷി വകുപ്പിന്റെ AIMS പോർട്ടൽ മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. ഇതിനായി www.aims.kerala.gov.in എന്ന വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് കൃഷിഭൂമിയുടെയും നാശനഷ്ടം സംഭവിച്ച വിളകളുടെയും വിവരങ്ങൾ രേഖപ്പെടുത്തി ബന്ധപ്പെട്ട കൃഷിഭവനിലേക്ക് അപേക്ഷ നൽകണം.

കൂടുതൽ വിവരങ്ങൾക്ക് www.aims.kerala.gov.in, www.keralaagriculture.gov.in എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുകയോ ബന്ധപ്പെട്ട ജില്ലാതല കൺട്രോൾ റൂമുകളിൽ ബന്ധപ്പെടുകയോ ചെയ്യണമെന്ന് കൃഷി ഡയറക്ടറേറ്റ് അറിയിച്ചു.

| | ജില്ലയുടെ പേര് | ബന്ധപ്പെടേണ്ട നമ്പറുകൾ | |
|---|---|---|---|
| 1 | തിരുവനന്തപുരം | 9383470086/ | 9383470700 |
| 2 | കൊല്ലം | 9383470318/ | 9383470770 |
| 3 | ആലപ്പുഴ | 9383470561/ | 9383471108 |
| 4 | കോട്ടയം i/c | 9383470704/ | 9383471300 |
| 5 | പത്തനംതിട്ട | 9383470499/ | 9383470900 |
| 6 | എറണാകുളം | 9383471150/ | 9383471500 |
| 7 | ഇടുക്കി | 9383470821/ | 9383471400 |
| 8 | തൃശ്ശൂർ | 9383473242/ | 9383471600 |
| 9 | പാലക്കാട് | 9383471457/ | 9383471700 |

10 മലപ്പുറം 9383471618 / 9383471800

11 കോഴിക്കോട് 9383471779/ 9383471900

12 വയനാട് 9383471912/ 9383472442

14 കണ്ണൂർ 9383472028/ 9383472300

14 കാസർഗോഡ് 9383471961/ 9383472400

3. 2026-27 അദ്ധ്യയന വർഷത്തെ ഒഴിവുള്ള സീറ്റുകളിലേക്ക് കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ തൃശ്ശൂർ വെള്ളാനിക്കര ക്യാമ്പസിലെ കോളേജ് ഓഫ് കോ-ഓപ്പറേഷൻ, ബാങ്കിങ് & മാനേജ്മെന്റിൽ നടത്തിവരുന്ന എം.ബി.എ. (അഗ്രി. ബിസിനസ് മാനേജ്മെന്റ്) പ്രോഗ്രാമിലെ അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സമയ പരിധി **31.08.2026** തീയ്യതി വരെ ദീർഘിപ്പിച്ചിരിക്കുന്നു. യോഗ്യത, അപേക്ഷാ ഫീസ് എന്നിവയടക്കമുള്ള വിശദമായ പ്രോസ്പെക്ടസ് ഡൗൺലോഡ് ചെയ്യുന്നതിനും ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും www.admissions.kau.in എന്ന

വെബ്സൈറ്റ് സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്ക് 0487 2438139 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

4 ക്ഷീര വികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് ആഗസ്റ്റ് 10, 11 തീയതികളിൽ ക്ഷീര സഹകരണ സംഘം ഭരണസമിതി അംഗങ്ങൾക്കുള്ള പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ള ക്ഷീരസംഘം ഭരണസമിതി അംഗങ്ങൾ 10-ആം തീയതി രാവിലെ 10 മണിക്ക് തിരുവനന്തപുരം പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ എത്തി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ് എന്ന് ക്ഷീരപരിശീലന കേന്ദ്രം പ്രിൻസിപ്പാൾ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 0471 – 2440911, 9061409824 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

5 കർഷക ദിനത്തോടനുബന്ധിച്ച് വിവിധ വിഭാഗങ്ങളിലായി കർഷകരെ ആദരിക്കുന്നതിനായി കോഴിക്കോട് ജില്ലയിലെ മരുതോങ്കര പഞ്ചായത്തിലെ കർഷകരിൽ നിന്ന് അപേക്ഷക്ഷണിച്ചു. അർഹരായ കർഷകർ നേരിട്ടോ വാർഡ് മെബർ മാർ, കാർഷിക വികസന സമിതി അംഗങ്ങൾ എന്നിവർ മുഖേനയോ ഇന്ന് (08.08.2026) വൈകിട്ട് 5ന് മുൻപായി കൃഷിഭവനിൽ അപേക്ഷ നൽകണ മെന്ന് കൃഷി ഓഫീസർ

അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

6 കർഷകദിനത്തോടനുബന്ധിച്ച് വർക്കല ചെമ്മരുതി പഞ്ചായത്തിന്റെയും കൃഷിഭവന്റെയും ആഭിമുഖ്യത്തിൽ ചെമ്മരുതി കൃഷിഭവൻ പരിധിയിലെ മികവുറ്റ കർഷകരെ ആദരിക്കുന്നു. കർഷകർ പാസ്പോർട്ട് സൈസ് ഫോട്ടോസഹിതം ആഗസ്റ്റ് 10 ന് വൈകുന്നേരം അഞ്ച് മണിക്ക് മുമ്പായി ചെമ്മരുതി കൃഷിഭവനിൽ അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് 9383470188 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാം.

7 കൊച്ചി കോർപ്പറേഷന്റെ കർഷക ദിനാചരണം ആഗസ്റ്റ് 17–ന് കോർപ്പറേഷൻ മുഖ്യാലയത്തിൽ നടത്തും. അതോടൊപ്പം കർഷകരെ ആദരിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. മികച്ച കർഷകർ, മികച്ച വനിതാ കർഷക, മികച്ച വിദ്യാർഥി കർഷകൻ, മികച്ച എസ്.സി./എസ്.ടി. കർഷകൻ, മികച്ച ജൈവ കർഷകൻ, മികച്ച മുതിർന്ന വിഭാഗത്തിലുള്ള കർഷകൻ എന്നീ വിഭാഗങ്ങളിലെ കർഷകരെ ആദരിക്കും. അപേക്ഷകൾ ആഗസ്റ്റ് 10–ന് 5 മണിക്കു മുൻപായി വൈറ്റില കൃഷിഭവനിൽ നൽകണം. കൂടുതൽ വിവരങ്ങൾക്ക് 93834 71169 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാം.